LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുള്ള നഗരസഭകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഗരസഭകളിലെ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി പകരം എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് നഗരജ്യോതി പദ്ധതി. നിലവിലുള്ള വിളക്കുകൾക്ക് പകരമായി വിവിധ അളവുകളിൽ പ്രകാശം നൽകുന്ന എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക, ആവശ്യകതയ്ക്കനുസരിച്ച് വിളക്കുകളുടെ പ്രകാശം നിയന്ത്രിക്കുക, വിളക്കുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുക എന്നിവയാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നഗരജ്യോതി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് M/s കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്. നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ മത്സരാധിഷ്ഠിത ദർഘാസിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.യു.ഡി.പി. -യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പി.പി.പി. ആന്യൂറ്റി മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധത അറിയിച്ചിരുന്ന 37 നഗരസഭകളെ 3 ക്ലസ്റ്ററുകളായി തിരിച്ച് പ്രസ്തുത നഗരസഭകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത ദർഘാസുകൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഷോപ്പിംഗ് കോംപ്ലക്സുകൾ

93 (3296) ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി.വ്യവസ്ഥയിൽ നഗരസഭയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള വൻ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-09-2014-ലെ 2540/14/തസ്വഭവ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ഫ്ലാറ്റ് നിർമ്മാണം

94 (3297) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സങ്ങളായി നിൽക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ ;

(ബി) അതിൽ ഏതെല്ലാമാണ് ഭേദഗതിക്കായി നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

ഉത്തരം

(എ) ആവശ്യമായ സൗകര്യങ്ങളും സുരക്ഷകളും കെട്ടിടങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തിലാണ് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സമായി നിൽക്കാൻ ഉദ്ദേശിച്ച് യാതൊരു നിബന്ധനകളും ടി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly